## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1140 — 05.03.2018 -ൽ മറുപടിക്ക്

### വില്ലേജുകളുടെ രൂപീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ വില്ലേജുകളുടെ വിഭജനം/പുതിയ വില്ലേജുകളുടെ രൂപീകരണം എന്നിവ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്. |
| (സി) വില്ലേജ് ഓഫീസുകളുടെ ഹൈടെക് വൽക്കരണം/ആധുനിക വൽക്കരണം പരിഗണനയിലുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) ഗ്രാമപഞ്ചായത്ത് ഫണ്ട് /ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് /ജില്ലാ പഞ്ചായത്ത് ഫണ്ട് /എം.എൽ.എ.ഫണ്ട്/ എം.പി. ഫണ്ട് എന്നിവ വില്ലേജ് ഓഫീസുകളുടെ ആധുനികവൽക്കരണത്തിന് ഉപയോഗിക്കാൻ സാധിക്കുമോ - വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | നിലവിൽ എം.എൽ.എ/എം.പി ഫണ്ട് വില്ലേജ് ഓഫീസുകളുടെ ആധുനികവൽക്കരണത്തിനായി വിനിയോഗിച്ച് വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത് /ജില്ലാ പഞ്ചായത്ത് ഫണ്ട് പ്രസ്തുത പ്രവൃത്തിക്കായി വിനിയോഗിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**1.ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ**

സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചു വരുന്നു. വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖ സംവിധാനവുമായി സംയോജിപ്പിക്കുന്നു.

**2.സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**3. ഇ-പേയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ നികുതിദായകർക്ക് വില്ലേജ് ഓഫീസിൽ പോകാതെ നികുതികൾ അടയ്ക്കുവാൻ കഴിയുന്ന സംവിധാനമാണിത്. ആകെയുള്ള 1664 വില്ലേജുകളിൽ 1445 വില്ലേജുകളിൽ ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**4. ആർ.ആർ ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും. അതോടൊപ്പം വില്ലേജ് ഓഫീസർക്ക് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നതാണ്.

**5. ഇ-ഡിസ്ട്രിക്ട്**

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെ നിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**